പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 764 — 28.02.2017 ൽ മറുപടിക്ക്

## കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ദേവസ്വം വകുപ്പ് മന്ത്രി) |
|---|---|
| (എ) കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളും, കുളങ്ങളും, ആൽത്തറകളും സംരംക്ഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നു. ഇതു സംബന്ധിച്ചുള്ള നിബന്ധനകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള എളവള്ളി കടവല്ലൂർ ശ്രീരാമ സ്വാമി ക്ഷേത്രക്കുളം നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) മുൻ വർഷം അനുവദിച്ച തുകയ്ക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം ദേവസ്വം ബോർഡ് പ്രൊപ്പോസൽ ലഭ്യമാക്കുന്നതനുസരിച്ച് ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതക്കനുസൃതമായി ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## നിബന്ധനകൾ

(i) ക്ഷേത്രക്കുളങ്ങൾക്ക് അരികിലുള്ള വൃക്ഷങ്ങൾ, മുളങ്കാടുകൾ, മറ്റ് വള്ളിപ്പടർപ്പുകൾ എന്നിവ വെട്ടിമാറ്റാൻ പാടുള്ളതല്ല.

(ii) കുളങ്ങൾ നവീകരിക്കാനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ, ആ ക്ഷേത്രക്കുളങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

(iii) ഒരു കുളത്തിൻെറ നവീകരണത്തിന് സാധാരണഗതിയിൽ ചെലവ് 20 ലക്ഷം രൂപ കവിയാൻ പാടില്ല.

(iv) കാവുകളുടെ പരിരക്ഷയിൽ പരിസ്ഥിതി മൂല്യങ്ങൾക്ക് പരമാവധി പ്രാധാന്യം കൊടുക്കു കയും അവയ്ക്കു ഭീഷണി നേരിടുന്ന ഘടകങ്ങളെ പ്രതിരോധിക്കാനുമായിരിക്കണം ശ്രമിക്കേണ്ടത്. Least Invensive approach ആയിരിക്കണം കാവുകളുടെ സംരക്ഷണ ത്തിൽ അവലംബിക്കേണ്ടത്. നവീകരണ പ്രക്രിയകൾ കാവുകളിൽ നിലവിലുള്ള ആചാരങ്ങളിൽ ഇടപെടാൻ പാടില്ല. കാവുകളുടെ സംരക്ഷണത്തിന് ചെലവിടാനുള്ള തുക പരമാവധി 5 (അഞ്ച്) ലക്ഷമായി നിജപ്പെടുത്തുന്നതാണ്.

(v) ആൽത്തറകളുടെ സംരക്ഷണത്തിന് പരമാവധി 50,000/-രൂപ മാത്രമേ അനുവദിക്കാവൂ. ആൽത്തറകൾ തെരഞ്ഞെടുക്കുമ്പോൾ അത് എല്ലാ വിഭാഗം ജനങ്ങളും ഉപയോഗി ക്കുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(vi) ദേവസ്വം ബോർഡിൻെറ ഉടമസ്ഥതയിലുള്ള കുളങ്ങൾ, ആൽത്തറകൾ, കാവുകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ കൂടി ഈ പദ്ധതി പ്രകാരം പരിഗണിക്കേണ്ടതാണ്.

(vii) ചെലവുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ടത് അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർമാരാണ്.

(viii) ആൽത്തറകൾ, കുളങ്ങൾ എന്നിവ പൊതുജനങ്ങൾ ഉപയോഗിക്കുന്നതാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.

(ix) കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ ഏതെങ്കിലും ക്ഷേത്രത്തോട് ചേർന്നുള്ളതാണെന്നുള്ള സർട്ടിഫിക്കറ്റ് ദേവസ്വം സബ്ഗ്രൂപ്പ് ഓഫീസർ നൽകേണ്ടതാണ്.

(x) പണിയുടെ പുരോഗതി വിലയിരുത്തി സഹായധനം രണ്ടോ, മൂന്നോ ഗഡുക്കളായി നൽകേണ്ടതാണ്.

സെക്ഷൻ ഓഫീസർ